**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 201** **06-10-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇടത്തര-വൻകിട വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും വികസനത്തിനുമായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. കേരളത്തിലെ ഇടത്തര-വൻകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാനും വൻകിട നിക്ഷേപങ്ങളെ കേരളത്തിലേക്കു ആകർഷിക്കുവാനും കേരള സർക്കാർ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടേയും യുവതികളുടേയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ- നൈപുണ്യം വർദ്ധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവയെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളാക്കി സംസ്ഥാന സർക്കാർ വ്യവസായ നയം രൂപീകരിച്ചിരുന്നു. വ്യവസായ നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെയും വ്യവസായങ്ങളായി ഉത്തേജിപ്പിക്കുന്നതിനുമാണ്.<br><br>ഇത് കൂടാതെ, സംസ്ഥാനത്തെ ഒരു ഹൈടെക് ഹബ്ബാക്കി മാറ്റുന്നതിനായി കേരള സർക്കാർ വിവിധ പദ്ധതികളും നടപടികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി ആധുനിക സാങ്കേതികതയിൽ അധിഷ്ഠിതമായ ഗ്ലോബൽ കേപബിലിറ്റി സെന്റർ, കൃത്രിമ ബുദ്ധി, ഗ്രാഫീൻ കൂടാതെ ബ്ലൂ ഇക്കോണമി, വെൽനെസ്സ് & ആയുർവേദ, സ്കില്ലിങ് (പി. പി. പി. ഫ്രെയിംവർക്) |

തുടങ്ങിയ മേഖലകളിൽ കരട് നയങ്ങൾ രൂപീകരിക്കുകയും ഇവ നിലവിൽ സർക്കാർ പരിഗണനയിലുമാണ്. കയറ്റുമതി പ്രോത്സാഹന നയം, ഇ.എസ്.ജി. നയം എന്നിവ സർക്കാർ ഇതിനോടകം അംഗീകരിക്കുകയും, ലോജിസ്റ്റിക് പാർക്ക് നയം, പ്രഖ്യാപിക്കുന്നതിന്റെ അന്തിമ ഘട്ടത്തിലുമാണ്. നവീന വ്യവസായത്തെ കേരളത്തിലേക്കു ആകർഷിക്കുവാനും അവയെ പ്രോത്സാഹിപ്പിക്കുവാനായി ഹൈടെക് മാനുഫാക്ച്ചറിങ് നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇവയുടെയെല്ലാം രൂപീകരണവും മേൽനോട്ട ചുമതലയും സർക്കാർ കെ.എസ്.ഐ.ഡി.സി.യെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

ഇവയ്ക്കുപുറമേ, നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കാനും, നിരവധി നിക്ഷേപകരെ നേരിൽ കണ്ടുമുട്ടി ചർച്ചകൾ നടത്താനും അവസരം ഒരുക്കുന്ന വിവിധ ദേശീയ-അന്തർദേശീയ ഉച്ചകോടികളിലും കോൺക്ലേവുകളിലും കേരളത്തിന്റെ സജീവ പങ്കാളിത്തം സർക്കാർ ഉറപ്പുവരുത്തുകയും അതോടൊപ്പം, വിവിധ തരം നിക്ഷേപ കൂട്ടായ്മകൾ, സമ്മേളനങ്ങൾ, ഉച്ചകോടികൾ തുടങ്ങിയവയും കേരള സർക്കാർ സംഘടിപ്പിച്ചുവരുന്നു. അന്താരാഷ്ട്ര തലത്തിൽ മാറിവരുന്ന കേരളത്തിലെ വ്യവസായ സൗഹാർദ്ദ അന്തരീക്ഷത്തെ പറ്റിയുള്ള വീക്ഷണവും അഭിപ്രായങ്ങളും ലോകത്തെ അറിയിക്കുവാനും അതുവഴി കേരളത്തിലേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുവാനുമായി സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഒരു ആഗോള നിക്ഷേപ സംഗമമാണ് 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ വെച്ച് വിജയകരമായി നടത്തിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമ്മിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് എന്ന ആഗോള നിക്ഷേപക സംഗമം.

ഈ നിക്ഷേപ സംഗമം വഴി 1.80 ലക്ഷം കോടി രൂപയുടെ 449-ഓളം ധാരണ പത്രങ്ങൾ സർക്കാരിന് ലഭിക്കുകയും ഇവ നടപ്പിലാക്കുന്നത് വിവിധ ഘട്ടങ്ങളിലായി ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷന്റെ മേൽനോട്ടത്തിൽ പുരോഗമിച്ചു വരുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| | | | അമേരിക്ക 50% ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചതിനെ തുടർന്ന് കേരളത്തിലെ കയറ്റുമതി മേഖലയ്ക്ക് ഗൗരവമായ വെല്ലുവിളികൾ ഉയർന്നതിന്റെ പശ്ചാത്തലത്തിൽ, വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കെ.എസ്.ഐ.ഡി.സി. യുടെ നേതൃത്വത്തിൽ വിവിധ വ്യവസായ പ്രതിനിധികളും അസോസിയേഷനുകളും പ്ലാനിംഗ് ബോർഡും വ്യാപാര സ്ഥാപനങ്ങളും പങ്കെടുത്ത യോഗത്തിൽ പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ, അടിയന്തര സഹായ ആവശ്യമെന്നിവ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ കെ.എസ്.ഐ.ഡി.സി മുഖേന നടത്തിവരുന്ന പ്രധാനമായ പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ, ഇൻവെസ്റ്റർ പിച്ച് എന്നിവ. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി വഴി നാളിതുവരെ 40ൽ അധികം വ്യവസായികളുമായി ചർച്ചകൾ നടത്തുകയും ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി 70ൽ പരം യോഗങ്ങൾ നടത്തുകയും ചെയ്തു. ഇവയിലെ പല സംരംഭങ്ങളുമായുള്ള ചർച്ചകൾ അവസാന ഘട്ടത്തിലും മറ്റുള്ളവ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമായി മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പരിപാടികളിലൂടെ 10,000 കോടിയിൽ പരം നിക്ഷേപ താൽപര്യങ്ങളും 5000 ത്തിൽ പരം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടും എന്ന് കരുതുന്നു.<br><br>ഇവയ്ക്ക് പുറമെ കെ.എസ്.ഐ.ഡി.സി., വ്യവസായം തുടങ്ങുന്നതിനും, അവ വിപുലീകരിക്കുന്നതിനും വിവിധ തരത്തിലുള്ള വായ്പകൾ, വ്യവസായം തുടങ്ങുന്നതിനാവശ്യമായ സ്ഥലം (ലഭ്യതയ്ക്കനുസരിച്ച്) എന്നീ സേവനങ്ങളും നൽകി വരുന്നു. |
| (ബി) | സംസ്ഥാനത്തെ വ്യവസായ വികസനത്തിന് മുതൽക്കൂട്ടാകുന്ന തരത്തിൽ വിവിധ വ്യവസായ പാർക്കുകളെ പ്രവർത്തന സജ്ജമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ വ്യവസായ വികസനത്തിന് പ്രോത്സാഹനമാകുന്ന തരത്തിൽ, കെഎസ്ഐഡിസി-യുടെ കീഴിലുള്ള വിവിധ വ്യവസായ പാർക്കുകളിൽ (ഐജിസി പള്ളിപ്പുറം ആലപ്പുഴ, ഐജിസി കിനാലൂർ കോഴിക്കോട്, ഐജിസി വലിയവെളിച്ചം കണ്ണൂർ, കെഎസ്ഐഡിസി ഇൻവെസ്റ്റ്മെന്റ് സോൺ പാലക്കാട്, ബിസിനസ് പാർക്ക് അങ്കമാലി) ജലം, വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതാണ്. അലോട്ട്മെന്റിന് സജ്ജമായിട്ടുള്ള 560.67 ഏക്കർ ഭൂമിയിൽ 520.88 ഏക്കറും വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ, തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്ക് പദ്ധതി രണ്ട് ഘട്ടങ്ങളായിട്ടാണ് നടപ്പിലാക്കി വരുന്നത്. പാർക്കിൽ ഇൻകുബേഷൻ സെന്റർ, ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളുള്ള ലാബ് മൊഡ്യൂളുകൾ എന്നിവ ഉൾപ്പെടുത്തുന്നുണ്ട്. ആദ്യ ഘട്ടത്തിൽ 70 ഏക്കർ ഭൂമിയും രണ്ടാം ഘട്ടത്തിൽ 86 ഏക്കർ ഭൂമിയും ഏറ്റെടുത്തു കഴിഞ്ഞു. 20 മീറ്റർ വീതിയുള്ള ആന്തരിക റോഡുകൾ ഉൾപ്പെടെ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ജലവും (1 MLD) വൈദ്യുതിയും (3 MVA) വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റ് (KSCSTE) സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള വെറ്ററിനറി സയൻസസ് ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (K-VASU) സ്ഥാപിച്ച റിസർച്ച് കം ലേണിംഗ് സെന്റർ എന്നിവയാണ് പാർക്കിൽ പ്രവർത്തിക്കുന്ന പ്രധാന പദ്ധതികൾ. കൂടാതെ, KSCSTE യുടെ വൈറോളജി പ്രോജക്ടിന്റെ അടുത്ത ഘട്ടത്തിനായി KSIDC, 80,827 ചതുരശ്രയടി വിസ്തീർണ്ണമുള്ള അഡ്മിൻ ബ്ലോക്ക്, ബയോടെക് ലാബ്, ഓഫീസ് സ്ഥലം, ലബോറട്ടറി തുടങ്ങിയവ നിർമ്മിച്ച് കൈമാറിയിട്ടുണ്ട്. കൂടാതെ, നിലവിൽ ഏറ്റെടുത്ത 86 ഏക്കറിൽ പ്ലാൻ ചെയ്യുന്ന പാർക്കിന്റെ രണ്ടാം ഘട്ടത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ആന്തരിക റോഡുകൾ, ചുറ്റുമതിലുകൾ, തെരുവ് വിളക്കുകൾ തുടങ്ങിയവയുടെ നിർമ്മാണപ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ആയതിന്റെ 85% പൂർത്തീകരിച്ചിട്ടുണ്ട്. പാർക്കിന്റെ വൈദ്യുതീകരണത്തിനായി KSEB യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള വിവിധ വ്യവസായ ഇടനാഴികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ച ചെന്നൈ-ബംഗളൂരു പദ്ധതിയുടെ വിപുലീകരണമായ കൊച്ചി-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (കെബിഐസി) വ്യവസായ ഇടനാഴി പദ്ധതി രണ്ട് നോഡുകളായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>**നോഡ് 1 -**<br><br>ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ (ഐഎംസി) പാലക്കാട്.<br><br>**നോഡ് 2 -** |

| | | | |
|---|---|---|---|
| | | | ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റി (ഗ്ലോബൽ സിറ്റി) കൊച്ചി.<br><br>പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി പടിഞ്ഞാറ്, കണ്ണമ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന പാലക്കാട് സംയോജിത ഉൽപ്പാദന ക്ലസ്റ്ററിന് 3805 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ 2024 ഓഗസ്റ്റ് 28 ന് അംഗീകാരം നൽകി. പുതുശ്ശേരി സെൻട്രൽ (1137 ഏക്കർ), പുതുശ്ശേരി വെസ്റ്റ് (240 ഏക്കർ), കണ്ണമ്പ്ര (313 ഏക്കർ) പാലക്കാട് നോഡ് കെബിഐസിയുടെ കീഴിലുള്ള മൂന്ന് സ്ഥലങ്ങളായി വിഭജിച്ചിരിക്കുന്നു. ഐഎംസി കണ്ണമ്പ്രയ്ക്കും 2025 ജനുവരിയിൽ പാരിസ്ഥിതിക അനുമതി ലഭിച്ചു. ഈ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കലും ഡി.പി.ആർ റിപ്പോർട്ടും പൂർത്തിയായി. 110 ഏക്കർ ഭൂമിയുടെ ആദ്യഘട്ടം കിൻഫ്ര എസ്പിവിക്ക് കൈമാറി. NICDC 104.50 കോടിയുടെ തുല്യ ഇക്വിറ്റി എസ്പിവിക്കും കൈമാറി. പുതിയ വ്യാവസായിക സ്മാർട്ട് സിറ്റി ഡെവലപ്പ്മെന്റിനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കൺസൾട്ടൻസിയെ തിരഞ്ഞെടുത്തു. കൂടാതെ, 2025 മെയ് മാസത്തിൽ ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ ഡെവലപ്പ്മെന്റിനായി ഇ.പി.സി ടെൻഡർ വിളിക്കുകയും, ജി.എസ്.ടി ഉൾപ്പടെ 1316 കോടി രൂപയുടെ ഇ.പി.സി കരാർ നല്കുകയും ചെയ്തു.<br><br>**ലാൻഡ് ആൻഡ് പ്രൊജക്റ്റ് സ്റ്റാറ്റസ്**<br><br>പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 1844 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 1489 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. ഇതുവരെ പുതുശ്ശേരി സെൻട്രലിലും കണ്ണമ്പ്ര യിലും ആയി ഏകദേശം 1350 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ